(ബി) രണ്ടു കട്ടികളെ.

(സി) ഒരു കൊല്ലം.

(ഡി) തൃശ്ശിവപേരൂർ മൃഗാസ്പത്രിയിൽ.

(ഇ) സ്റ്റേറ്റ് ഫൈനൽ പരീക്ഷ പാസ്സായവരായിരിക്കണം. എന്നാൽ ഇവരുടെ അഭാവത്തിൽ സ്റ്റേറ്റ് ഫൈനൽ കോഴ്സ് കഴിഞ്ഞവരെ എടുക്കുന്നതാണു്.

(എഫ്) രണ്ടു പേർ.

(ജി) ഇല്ല.

(എച്ച്) രണ്ടു മൃഗാസ്പത്രികളും തുറന്നിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഫ്രഫർ-ന ശേഷം എത്ര പുതിയ അപ്പോയിൻറുമെൻറുസ് വെറ്ററിനറി ഡിപ്പാർട്ടുമെണ്ടിൽ നടത്തീട്ടുണ്ടു് ?

ഡോക്ടർ എ. ആർ. മേനോൻ : എത്രയാണെന്നു പറയുവാൻ സാധിക്കുകയില്ല, കുറച്ചു നടന്നിരിക്കണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : രണ്ടു മൃഗാസ്പത്രികളും തുറന്നിട്ടുള്ളതിൽ ട്രെയിനിംഗു കഴിച്ചവരെ അപ്പോയിൻറു് ചെയ്യേണ്ട കാര്യം ആലോചിച്ചിട്ടുണ്ടോ ?

ഡോക്ടർ എ. ആർ. മേനോൻ : ട്രെയിനിംഗു നടത്തുമ്പോൾ തന്നെ ഗവമ്മെണ്ടു പണി തരികയില്ലെന്നുള്ള കരാറോടുകൂടിയാണു് പഠിപ്പിക്കുന്നതു്. ആ നിലക്കാണു് കൊടുക്കാതിരുന്നതു്. എനിക്കു് ഈ കേസ്സു നല്ലവണ്ണം മനസ്സിലായിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ട്രെയിനിംഗു് കഴിച്ചതു ഉദ്യോഗം കിട്ടുവാൻ പ്രതിബന്ധമാകുന്നില്ലേ ? ട്രെയിനിംഗു കഴിച്ചാൽ ഉദ്യോഗം കൊടുക്കണമെന്ന നിബ്ബന്ധമില്ലെന്നല്ലേ ഉള്ളു ?

ഡോക്ടർ എ. ആർ. മേനോൻ : അങ്ങിനെ ട്രെയിനിംഗു കഴിച്ചവർക്കെല്ലാം ഉദ്യോഗം കൊടുക്കുകയാണെങ്കിൽ കമ്മ്യൂണൽ റൊട്ടേഷനും മറ്റും നോക്കി ചെയ്യേണ്ടിവരും. അതുകൊണ്ടു് ഡിപ്പാർട്ടുമെണ്ടിൽനിന്നു് എഴുതിയയക്കുന്നപ്രകാരം കൊടുക്കുകയാണു് ചെയ്യുന്നതു്.

മിസ്റ്റർ കെ. എസ്സ് പണിക്കർ : പുതിയ നിയമനം നടത്തുമ്പോൾ ട്രെയിനിംഗു കഴിച്ചവർക്കു കൊടുക്കുന്നതല്ലേ നല്ലതു് ?

മിസ്റ്റർ സി. വി. ഐയ്പ്പു : കാളകൾക്കു് ഉടക്കുവാനുള്ള ആയുധം ഓരോരുത്തർക്കും ഗവമ്മെണ്ടിൽനിന്നു വെറുതെ കൊടുക്കുമോ ?

ഡോക്ടർ എ. ആർ. മേനോൻ : അതിനെപ്പറ്റി ആലോചിക്കാം.

VANDITHODE IRRIGATION SYSTEM—PARTICULARS REGARDING

243. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവമ്മെണ്ടിൽനിന്നും ദയവായി മറുപടി പറയുമോ.—

(എ) വണ്ടിത്തോട്ടു് ഇറിഗേഷൻ സിസ്റ്റത്തിൻറെ നടത്തിപ്പു നല്ലേപ്പിള്ളി പഞ്ചായത്തിൻറെ കീഴിലല്ലേ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആ അണക്കെട്ടിൽനിന്നും എത്ര ഏക്കർ കൃഷിക്ക് വെള്ളം ഉപയോഗിച്ചുവരുന്നുണ്ട്;

(സി) വെള്ളം പാകത്തിനു വിട്ടുകൊടുപ്പാനായി പഞ്ചായത്തു തുടങ്ങിയ കാലം മുതൽ കഴിഞ്ഞ മേടം വരെ ഒരു മേസ്ത്രിയെ നിയമിച്ചിരുന്നില്ലേ;

(ഡി) ഇപ്പോൾ ആ മേസ്ത്രിയെ വേണ്ടെന്നുവെക്കുവാൻ കാരണമെന്തു;

(ഇ) മേസ്ത്രി ഇല്ലാത്ത കാരണത്താൽ കൃഷിക്കാരുടെ ആക്ഷേപമുണ്ടെന്നു ഗവൺമെണ്ടിനറിയാമോ;

(എഫ്) ഇനിയെങ്കിലും അതിന്റെ നടപ്പിനു ഒരു മേസ്ത്രിയെ നിയമിപ്പാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) അതെ.

(ബി) ഉദ്ദേശം ൧൫൦ ഏക്കർ.

(സി) വെള്ളം വിട്ടുകൊടുക്കുന്ന പണി കൂടി ഒരാൾ നോക്കിവരാറുണ്ട്.

(ഡി) ചിലവു ചുരുക്കി പ്രത്യേകം ഒരാളുടെ ആവശ്യം കൂടാതെ കഴിപ്പാൻ.

(ഇ) ഇല്ല, ഉണ്ടാവുമെന്നു പഞ്ചായത്തിൽനിന്നും പറഞ്ഞിട്ടുണ്ട്.

(എഫ്) വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതായിരിക്കും.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : കൃഷികൾക്കു വെള്ളം ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ പ്രത്യേകം ഒരാളില്ലാത്തതുകൊണ്ട് പല സന്ദർഭങ്ങളിലും കൃഷിക്കാർക്കു വിഷമം നേരിടുന്നുണ്ട്. അതുകൊണ്ട് വീണ്ടും ഒരാളെ നിയമിക്കുവാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ ?

ഡോക്ടർ എ. ആർ. മേനോൻ : വെള്ളം ശേഖരിക്കുന്നതിനു ഒരാളുടെ പണിയേ ഉള്ളു. രണ്ടുപേർക്കുള്ള പണിയില്ല. പ്രത്യേകിച്ചു ൧൦, ൧൭ ഉറപ്പിക ശമ്പളംകൊടുത്തു ഒരാളെ വെച്ചു പണിയെടുപ്പിക്കുവാനുള്ള വെള്ള ശേഖരത്തിന്റെ ആവശ്യമില്ലാത്തതുകൊണ്ടാണു ഡിപ്പാർട്ടുമെണ്ടിൽനിന്നു ഒരാൾ മതിയെന്നു് എഴുതിയയച്ചിട്ടുള്ളതു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : അധികം ശമ്പളത്തിലിരിക്കുന്ന മേസ്ത്രിയില്ലെങ്കിലും ചുരുങ്ങിയ ശമ്പളമുള്ള ഒരു വാച്ചുമാനെയെങ്കിലും വെള്ളം വിട്ടുകൊടുപ്പാൻ നിയമിച്ചുകൂടേ ?

ഡോക്ടർ എ. ആർ. മേനോൻ : ആലോചിക്കാം.

മിസ്റ്റർ വി. കെ. കുട്ടി : കൃഷിക്കാർക്കു വെള്ളം കൊടുക്കേണ്ട ആവശ്യത്തിനു വേണ്ടി ഒരാളെ ആവശ്യമുണ്ടെങ്കിൽ വെച്ചുകൂടേ ?

ഡോക്ടർ എ. ആർ. മേനോൻ : അതിന്റെ ആവശ്യം ഇല്ലാത്തതുകൊണ്ട് അനാവശ്യച്ചിലവാണെന്നു വിചാരിച്ചാണു് വെക്കാത്തതു്.

LIBRARY ARCHIVES Kerala Legislative Assembly